## പ്രൈമറി വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം

150 [163] ശ്രീ. കെ.പി. രാമൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസവർഷത്തിൽ പ്രൈമറി വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകാൻ ഉദ്ദേശ്യമുണ്ടോ.

(ബി) എങ്കിൽ അതിനുള്ള സംവിധാനം എന്താണെന്നു വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ കെയർ മുഖേനയുള്ള ഭക്ഷണസാധനങ്ങളും ബാക്കി 8 ജില്ലകളിൽ അരിയും പയറും ഉപയോഗിച്ചുള്ള ഉച്ചഭക്ഷണവും നൽകിവരുന്നു. കെയർ സംഘടന തരുന്ന ഭക്ഷണ സാധനങ്ങൾ കൊച്ചിതുറമുഖത്തുനിന്ന് കോൺട്രാക്ടർ, അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർമാരുടെ ഗോഡൗണുകളിൽ എത്തിക്കാനും അവിടെനിന്നു സ്കൂളിലേക്ക് കോൺട്രാക്ടറോ, ഹെഡ്മാസ്റ്ററോ എത്തിക്കുന്നു. സർക്കാർ അനുവദിച്ച നിരക്കിൽ സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള കൂലിയും പാചകക്കൂലിയും നൽകിവരുന്നു. അരിയും പയറും ഉപയോഗിച്ച് ഉച്ചഭക്ഷണം നടത്തുന്നതിന് ആവശ്യമായസാധനങ്ങൾ മാവേലി സ്റ്റോറുകൾ മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്നു. ഹെഡ്മാസ്റ്റർമാർ മാവേലി സ്റ്റോറിൽ നിന്നു സാധനങ്ങൾ വാങ്ങി സ്കൂളുകളിൽ എത്തിക്കുന്നു. പാചകക്കൂലി, വിറകുകൊണ്ടുപോകുന്നതിനുള്ള കൂലി മുതലായവ ഹെഡ്മാസ്റ്റർമാർക്ക് കൊടുക്കുന്നു. മാവേലിസ്റ്റോറുകൾ വഴി സ്കൂളിലേക്കു വാങ്ങുന്ന സാധനങ്ങളുടെ വില വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽനിന്നും നേരിട്ടു സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്നു.

## പ്രൈമറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾ

151 [164] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷത്തിൽ പ്രൈമറി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾ നൽകുവാനുദ്ദേശ്യമുണ്ടോ:

(ബി) എങ്കിൽ ഇത് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണ്?

### ഉത്തരം

(എ) ഉണ്ട്.

(ബി) 1986.87 ൽ സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 1,35,000 ആൺകുട്ടികൾക്കും 1,35,000 പെൺകുട്ടികൾക്കും ഓരോ സെറ്റ് യൂണിഫോം വീതം സൗജന്യമായി നൽകുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly